**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1471** **10/02/2020- ൽ മറുപടിയ്ക്ക്**

# കേരള നെൽവയൽ തണ്ണീർതട സംരക്ഷണ നിയമം

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| (എ) | ശ്രീ. സജിമോൻ ജേക്കബ്ബ്, തെരുവ പ്ലാക്കൽവീട്, പുതുവേലി, വെളിയന്നൂർ എന്നയാൾ വീടുവയ്ക്കുവാനായി നിയമപ്രകാരം ഭൂമി സ്വഭാവ വ്യതിയാനം വരുത്തുന്നതിന് പാലാ ആർ.ഡി.ഒ. യ്ക്ക് സമർപ്പിച്ച അപേക്ഷയിൻ മേൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി വെളിയന്നൂർ കൃഷിഭവനിൽ എന്നാണ് നിർദേശം ലഭിച്ചത്; | (എ) 12.11.2019 – ൽ വെളിയന്നൂർ കൃഷി ഭവനിൽ ലഭിച്ചു. |
| (ബി) | ഈ ഭൂമിയെ സംബന്ധിച്ച റിപ്പോർട്ട് വെളിയന്നൂർ കൃഷി ആഫീസർ പാലാ ആർ.ഡി.ഒ.യ്ക്ക് നൽകിയിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) | ടിയാന്റെ അപേക്ഷാവസ്തു 2008-ലെ കേരള നെൽവയൽ തണ്ണീർതട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയ ഡേറ്റാബാങ്കിൽ ടി നിയമം നിലവിൽ വന്നശേഷം ഗസറ്റ് വിജ്ഞാപനം ചെയ്തിട്ടുണ്ടോ; | (സി) ഉണ്ട്. |
| (ഡി) | അപ്രകാരം ഗസറ്റ് വിജ്ഞാപനം ചെയ്തിട്ടുള്ളതാണെങ്കിൽ അപേക്ഷാ വസ്തുവിനെ ടി | (ഡി) ഗസറ്റ് വിജ്ഞാപനം ചെയ്ത ഡേറ്റാബാങ്കിൽ ഉൾപ്പെടുന്നത് നിലവും തണ്ണീർത്തടവും മാത്രമാണ്. എന്നാൽ ടി വസ്തുവിനെ കുറിച്ചുള്ള അഭിപ്രായക്കുറിപ്പിന്റെ കോളത്തിൽ 10 വർഷത്തിലധികം പ്രായമുള്ള തെങ്ങ് |

| | | |
|---|---|---|
| | ഡേറ്റാബാങ്കിൽ കൃഷിയോഗ്യമായ നിലമോ നെൽവയലോ തണ്ണീർത്തടമോ ആയി വിജ്ഞാപനം ചെയ്തിട്ടുണ്ടോ; | കമുക് എന്നിവയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട് . |
| (ഇ) | 30.05.2017-ലെ റവന്യൂ (പി) വകുപ്പിലെ 34/17 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിലവിലുള്ള ഡേറ്റാ ബാങ്കിലെ ന്യൂനതകൾ പരിഹരിച്ച് തയ്യാറാക്കിയ പുതിയ ഡേറ്റാ ബാങ്കിൽ അപേക്ഷാവസ്തുവിനെ നിലമോ നെൽവയലോ തണ്ണീർത്തടമോ ആയി വിജ്ഞാപനം ചെയ്യുവാൻ പ്രാദേശിക നിരീക്ഷണ സമിതി ശുപാർശ ചെയ്തിട്ടുണ്ടോ? | (ഇ) പ്രാദേശികതല നിരീക്ഷണസമിതി നാളിതുവരെയായി ശുപാർശ ചെയ്തിട്ടില്ല |

Sreelatha

**സെക്ഷൻ ഓഫീസർ**